**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 32** **27-06-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2019-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കി നൽകിയ തീരദേശ പരിപാലന പ്ലാൻ സംബന്ധിച്ച് കേന്ദ്ര മന്ത്രാലയം എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (എ) | 2019-ലെ തീരദേശ പരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>പ്രീ ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ ശിപാർശ പ്രകാരം, നാഗരിക സ്വാഭവമുള്ളവയും 2011 സെൻസെസ് പ്രകാരം നഗരങ്ങളുടെ നിർവചനത്തിൽ ഉൾപ്പെടുന്നവയുമായ .175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ III ൽ നിന്നും CRZ II കാറ്റഗറിയായി തരം മാറ്റുന്നതിനുള്ള അനുമതി നൽകണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടതിനെതുടർന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും, കേരളത്തിന്റെ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. കോസ്റ്റൽ ഗ്രാമ പഞ്ചായത്തുകളെ CRZ II ആയി തരം മാറ്റുന്ന വിഷയം വിശദമായി പരിശോധിക്കുന്നതാണെന്ന് 01.04.2022 ലെ കത്തു പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഉറപ്പു നൽകിയിട്ടുണ്ട്.<br><br>പൊക്കാളിപ്പാടങ്ങളിൽ വേലിയേറ്റരേഖ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 26.11.2021 ലെ SO നമ്പർ 4886(E) നമ്പരായി ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഭേദഗതിപ്രകാരം 1991-ന് മുൻപ് നിർമ്മിച്ചിട്ടുള്ള ബണ്ടുകളാണെങ്കിൽ വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകളിൽ നിജപ്പെടുത്താവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കായൽതുരുത്തുകളുടെയും,ദ്വീപുകളുടെയും എണ്ണത്തിനെ സംബന്ധിച്ചുണ്ടായിരുന്ന അവ്യക്തതയ്ക്കും കേന്ദ്ര മന്ത്രാലയത്തിൽ നിന്നും വ്യക്തത ലഭിച്ചിട്ടുണ്ട്.<br><br>സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ സ്ഥിതി ചെയ്യുന്ന കണ്ടൽകാടുകളുടെ വിസ്തൃതി 1000ചതുരശ്ര മീറ്ററിൽ കൂടുതലാണെങ്കിൽ അതിന് ചുറ്റും 50 മീറ്റർ ബഫർ സോൺ ആവശ്യമില്ല എന്നും വ്യക്തത വരുത്തിയിട്ടുണ്ട്. ഈ 50 മീറ്ററിന് ചുറ്റുമുള്ള ബഫർ സോൺ വികസന നിരോധിത മേഖലയായിരിക്കും.<br><br>സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട മറ്റ് ഇളവുകൾ കേന്ദ്ര മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. |
| (ബി) | കോസ്റ്റൽ റെഗുലേഷൻ സോൺ സംബന്ധിച്ച് സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം ഇളവുകളാണ് കേന്ദ്ര മന്ത്രാലയം അംഗീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ബി) | 2019-ലെ തീരദേശ പരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>പ്രീ ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ ശിപാർശ പ്രകാരം, നാഗരിക സ്വാഭവമുള്ളവയും 2011 സെൻസെസ് പ്രകാരം നഗരങ്ങളുടെ നിർവചനത്തിൽ ഉൾപ്പെടുന്നവയുമായ .175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ III ൽ നിന്നും CRZ II കാറ്റഗറിയായി തരം മാറ്റുന്നതിനുള്ള അനുമതി നൽകണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടതിനെതുടർന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും, കേരളത്തിന്റെ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. കോസ്റ്റൽ ഗ്രാമ പഞ്ചായത്തുകളെ CRZ II ആയി തരം മാറ്റുന്ന വിഷയം വിശദമായി പരിശോധിക്കുന്നതാണെന്ന് 01.04.2022 ലെ കത്തു പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഉറപ്പു നൽകിയിട്ടുണ്ട്.<br><br>പൊക്കാളിപ്പാടങ്ങളിൽ വേലിയേറ്റരേഖ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 26.11.2021 ലെ SO നമ്പർ 4886(E) നമ്പരായി ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഭേദഗതിപ്രകാരം 1991-ന് മുൻപ് നിർമ്മിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | ബണ്ടുകളാണെങ്കിൽ വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകളിൽ നിജപ്പെടുത്താവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>കായൽതുരുത്തുകളുടെയും,ദ്വീപുകളുടെയും എണ്ണത്തിനെ സംബന്ധിച്ചുണ്ടായിരുന്ന അവ്യക്തതയ്ക്കും കേന്ദ്ര മന്ത്രാലയത്തിൽ നിന്നും വ്യക്തത ലഭിച്ചിട്ടുണ്ട്.<br><br>സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ സ്ഥിതി ചെയ്യുന്ന കണ്ടൽകാടുകളുടെ വിസ്തൃതി 1000ചതുരശ്ര മീറ്ററിൽ കൂടുതലാണെങ്കിൽ അതിന് ചുറ്റും 50 മീറ്റർ ബഫർ സോൺ ആവശ്യമില്ല എന്നും വ്യക്തത വരുത്തിയിട്ടുണ്ട്. ഈ 50 മീറ്ററിന് ചുറ്റുമുള്ള ബഫർ സോൺ വികസന നിരോധിത മേഖലയായിരിക്കും.<br><br>സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട മറ്റ് ഇളവുകൾ കേന്ദ്ര മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ